ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) കാന്റീനിൽനിന്നുള്ള വരുമാനത്തിന്റെ ഒരു പങ്ക് ആശുപത്രിയുടെ വികസനത്തിനും സാധുക്കളായ രോഗികളുടെ ക്ഷേമത്തിനുമായി ഉപയോഗിക്കാൻ ആശുപത്രി ജീവനക്കാരുടെ കൂട്ടായ്മയായ വെൽഫെയർ ഫണ്ടിന്റെ ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ്.

രജിസ്ട്രേഷൻ വകുപ്പിൽ റെയിഡിനെ തുടർന്ന് സ്വീകരിച്ച നടപടി

65 [5940] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ആഫീസുകൾ റെയിഡ് ചെയ്ത് കുറ്റക്കാരായ എത്ര പേരെ കണ്ടെത്തി;

(ബി) അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചു;

(ഡി) ബാക്കിയുള്ളവരെ തിരിച്ചെടുക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 141 പേരെ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരായി കണ്ടെത്തി.

(ബി) അച്ചടക്ക നടപടികൾ പൂർത്തിയാവുന്നതിന് മുമ്പ് പേര് വിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത 30 പേരിൽ നാല് പേരെ തിരികെ പ്രവേശിപ്പിച്ചു.

(ഡി) വകുപ്പുതല അച്ചടക്ക നടപടികൾ തീരുന്ന മുറയ്ക്കും വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കുന്നമുറയ്ക്കും മാത്രമേ സസ്പെന്റ് ചെയ്യപ്പെട്ടവരിൽ ബാക്കിയുള്ളവരെ സർവ്വീസിൽ തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly